**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1448** — **21.03.2012-ൽ മറുപടിയ്ക്ക്**

# പി.എം.ജി.എസ്.വൈ. പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | | ശ്രീ.കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പ് മന്ത്രി) | |
| എ. | പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ വെട്ടിക്കവല, കൊട്ടാരക്കര എന്നീ ബ്ലോക്ക് പഞ്ചായത്തുകളിൽ നിലവിൽ മുടങ്ങിക്കിടക്കുന്ന റോഡ് നിർമ്മാണ പ്രവർത്തികൾ ഏതെല്ലാമാണ് ; | എ. | പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം കൊട്ടാരക്കര ബ്ളോക്കിൽ, നിലവിൽ മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ ഒന്നും തന്നെ ഇല്ല. വെട്ടിക്കവല ബ്ളോക്കിൽ മുടങ്ങികിടക്കുന്ന റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| ബി. | പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ ; | ബി. | ഫേസ് 4-ൽ ഉൾപ്പെട്ട മൂന്ന് പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ, ഏറ്റെടുത്ത കരാറുകാരൻ വീഴ്ച വരുത്തിയതിനാൽ ഈ പ്രവർത്തികളുടെ കരാർ റദ്ദ് ചെയ്യുകയും, കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ബാക്കി പണികൾ നടപ്പിലാക്കുന്നതിന് 2 തവണ ടെണ്ടർ നടപടികൾക്ക് വിധേയമാക്കുകയും ചെയ്തു. എന്നാൽ കരാറുകാർ ആരും ടെണ്ടർ സമർപ്പിക്കാത്തതിനാൽ ഈ പ്രവൃത്തികൾ കരാറുകാരുമായി നെഗോഷിയേറ്റ് ചെയ്ത് കരാർ ഉറപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br><br>ഫേസ് 6-ൽ ഉൾപ്പെട്ട മരങ്ങാട്ട്കോണം മേൽകുളങ്ങര റോഡിന് ആവശ്യമായ സ്ഥലം ലഭ്യമാകാത്തതു കാരണം മുടങ്ങികിടക്കുകയാണ്. |
| സി. | പ്രസ്തുത പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ? | സി. | ഫേസ് 4-ൽ ഉൾപ്പെട്ട 3 റോഡുകൾ കരാറുകാരുമായി നെഗോഷിയേറ്റ് ചെയ്ത് കരാർ ഉറപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.

*അനുബന്ധം.*

| ബ്ളോക്ക് | ക്രമ നമ്പർ | റോഡിൻെറ പേര് |
|---|---|---|
| വെട്ടിക്കവല | 1 | കളീലുവിള മാവേലി എൻ.എസ്.എസ് കരയോഗം വള്ളക്ക ടവ് റോഡ് (ഫെയ്സ് 4) |
| | 2 | ഉണ്ടേനെൻറ മുക്ക് കൈ തോട് ചെറുപൊയ്കറോഡ് (ശ്രീ നാരായണപുരം) ( ഫെയ്സ് 4) |
| | 3 | അൽഫോൺസാ കാഷ്യുഫാക്ടറി ഞവരൂർചർച്ച് റോഡ് (ഫെയ്സ്4) |
| | 4 | മരങ്ങാട്ട് കോണം മേൽകുളങ്ങര റോഡ് ( ഫെയ്സ് 6) |

*സെക്ഷൻ ഓഫീസർ*